# കാലടി ഗ്രാമപഞ്ചായത്ത്

## 14–ാം പഞ്ചവത്സര പദ്ധതി (2022-27)



## നവ കേരളത്തിന് ജനകീയാസൂത്രണം

# അന്തിമ പദ്ധതി രേഖ

## 2023–24



പ്രസിഡന്റ്

ശ്രീ.എം.പി ആന്റണി

കാലടി ഗ്രാമപഞ്ചായത്ത്,കാലടി.പി.ഒ

Pin-683574, Ph: 0484-2951394

## സമർപ്പണം

14–ാം പഞ്ചവത്സര പദ്ധതിക്കാലത്ത് കേരളത്തെ വളർച്ചയുടെ ഉയർന്ന പന്ഥാവിലേക്ക് എത്തിക്കുന്നതോടൊപ്പം സാമൂഹ്യ നീതിയുടേയും പരിസ്ഥിതി സുരക്ഷയുടേയും ഉത്തമ മാതൃകയാക്കി മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.ഇതിൽ പങ്കാളികളെന്ന രീതിയിൽ തികച്ചും ലളിതവും വിദഗ്ദ്ധരുടേയും സന്നദ്ധപ്രവർത്തകരുടേയും പങ്കാളിത്തവും ഉറപ്പു വരുത്തി തയ്യാറാക്കിയിട്ടുള്ള പദ്ധതി രേഖ ജനസമക്ഷം മുന്നോട്ടു വയ്ക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലത്തെ പദ്ധതി നിർവ്വഹണത്തിന്റെ അനുഭവ പാഠങ്ങൾ വിലയിരുത്തി നിലവിലുള്ള അവസ്ഥകളുടെ വിശകലനവും പ്രശ്ന പരിഹാരത്തിനു വേണ്ട നിർദ്ദേശങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.പരിസ്ഥിതി രക്ഷ ഉറപ്പു വരുത്തുന്നതിനായി മണ്ണും ജലവും ഒപ്പം കൃഷിയും സംരക്ഷിക്കുന്നതിനുള്ള പദ്ധതികളും മാലിന്യ സംസ്ക്കരണത്തിനുള്ള പദ്ധതികളും ഭൂരഹിത ഭവന രഹിതർക്കായുള്ള ലൈഫ് പദ്ധതിയും ചെറുകിട സംരഭങ്ങൾ വഴി തൊഴിലും വരുമാനവും പ്രദാനം ചെയ്യുന്ന പദ്ധതികളും രൂപപ്പെടുത്തിയിട്ടുണ്ട്.

വികസന കാര്യങ്ങളിലുള്ള കൂട്ടായ്മ ഉറപ്പു വരുത്തി നമ്മുടെ പഞ്ചായത്തിന്റെ മുന്നേറ്റത്തിന്റെ ഭാഗമായി മാറാൻ ഏവരേയും ക്ഷണിച്ചു കൊണ്ട് 2023-24 വർഷത്തെ അന്തിമ പദ്ധതി രേഖ സവിനയം സമർപ്പിക്കുന്നു.പദ്ധതി പ്രവർത്തനങ്ങളിൽ സജ്ജീവമായി പങ്കുകൊണ്ട് പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് വഴി തെളിക്കാനുള്ള ശ്രമത്തിൽ പൂർണ്ണ പിൻതുണ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

# പൊതുവിവരങ്ങൾ

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | : | കാലടി |
| വിസ്തീർണ്ണം | : | 16.684 ച.കി.മീ |
| വില്ലേജുകൾ | : | കാലടി, മറ്റൂർ |
| ബ്ലോക്ക് | : | അങ്കമാലി |
| താലൂക്ക് | : | ആലുവ |
| ജില്ല | : | എറണാകുളം |

## അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | വേങ്ങൂർ തോട്, അങ്കമാലി മുൻസിപ്പാലിറ്റി,<br>മഞ്ഞപ്ര, തുറവൂർ ഗ്രാമപഞ്ചായത്തുകൾ |
| കിഴക്ക് | : | കൊറ്റമം തോട്<br>മലയാറ്റൂർ–നീലീശ്വരം ഗ്രാമപഞ്ചായത്ത് |
| തെക്ക് | : | പെരിയാർ നദി,കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | : | കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്, അങ്കമാലി മുൻസിപ്പാലിറ്റി, |
| ജനസംഖ്യ | : | 39270 |
| ജനസാന്ദ്രത | : | 1481/ ച.കി,മീറ്റർ |
| വാർഡുകൾ | : | 17 |

## ബ്ലോക്ക് പഞ്ചായത്ത്

| | | |
|---|---|---|
| ഡിവിഷനുകൾ | : | കാലടി,കാഞ്ഞൂർ,മറ്റൂർ |

## ജില്ലാ പഞ്ചായത്ത്

| | | |
|---|---|---|
| ഡിവിഷനുകൾ | : | കാലടി, മലയാറ്റൂർ |
| നിയമസഭാ മണ്ഡലം | : | അങ്കമാലി |
| ലോകസഭാമണ്ഡലം | : | ചാലക്കുടി |

# ***ഗ്രാമപഞ്ചായത്ത് ഭരണസമിതി***

പ്രസിഡന്റ് - ***ശ്രീ.എം.പി ആന്റണി*** (വാർഡ് 16)

വൈസ്പ്രസിഡന്റ് – *ശ്രീമതി അംബിക ബാലകൃഷ്ണൻ (വാർഡ്–15)*

വികസന സ്റ്റാന്റിംഗ്
കമ്മറ്റി ചെയർമാൻ – ശ്രീ.ബിനോയ് കൂരൻ (വാർഡ്–4)

ക്ഷേമകാര്യ സ്റ്റാന്റിംഗ്
കമ്മറ്റി ചെയർപേഴ്സൺ – ശ്രീമതി.ഷിജ സെബാസ്റ്റ്യൻ (വാർഡ്–8)

ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ്
കമ്മറ്റി ചെയർപേഴ്സൺ – ശ്രീമതി.അമ്പിളി ശ്രീകുമാർ– (വാർഡ് 9)

## ***അംഗങ്ങൾ***

1. ശ്രീമതി.സരിത ബൈജു – വാർഡ് 1
2. ശ്രീ.കെ.ടി എൽദോസ് – വാർഡ് 2
3. ശ്രീ.പി.കെ.കുഞ്ഞപ്പൻ – വാർഡ് 3
4. ശ്രീ.ഷൈജൻ തോട്ടപ്പിള്ളി – വാർഡ് 5
5. ശ്രീമതി.സ്മിത ബിജു – വാർഡ് 7
6. ശ്രീമതി ശാന്ത ബിനു - വാർഡ്-6
7. ശ്രീമതി.ഷാനിദ നൗഷാദ് - വാർഡ്–10
8. ശ്രീ.പി.ബി സജീവ് – വാർഡ് 11
9. ശ്രീമതി.ഷിജി വർഗ്ഗീസ് – വാർഡ് 12
10. ശ്രീ.സജേഷ് സി.വി – വാർഡ് 13
11. ശ്രീ.സിജു കല്ലുങ്ങൽ – വാർഡ് 14
12. ശ്രീമതി.ശാന്ത ചാക്കോ – വാർഡ് 17

## ***ബ്ലോക്ക് ഡിവിഷൻ പ്രതിനിധികൾ***

ശ്രീമതി. മേരി ദേവസ്സികുട്ടി

ശ്രീ.സിജോ ചൊവ്വരാൻ

ശ്രീമതി.ആൻസി ജിജോ

## ***ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ***

ശ്രീമതി.ശാരദ മോഹൻ

ശ്രീമതി.അനിമോൾ ബേബി

## ***നിയമസഭാംഗം***

ശ്രീ.റോജി.എം.ജോൺ

## ***ലോകസഭാംഗം***

ശ്രീ.ബെന്നി ബെഹനാൻ

## ആസൂത്രണ സമിതി വൈസ് ചെയർമാൻ

1. ശ്രീ.ജോയ് പോൾ,വട്ടപ്പറമ്പൻ വീട്,പിരാരൂർ പി.ഒ
   (വൈസ് ചെയർമാൻ) -9048539911
2. അഡ്വ.കെ.ബി സാബു,കാരിക്കോത്ത് വീട്, കാലടി പി.ഒ -9847525637
3. ശ്രീ.സാംസൺ ചാക്കോ,മുളവരിക്കൽ വീട്, തേവർമഠം -9747093935
4. ശ്രീ.കെ.സി ബേബി,കുടിയിരുപ്പിൽ വീട്,മറ്റൂർ,കാലടി -9947855101
5. ശ്രീ.എം.എ അലി-മൂക്കട വീട്,കാലടി,മേക്കാലടി -7994759561
6. ശ്രീ.എം.കെ അലി,മൂക്കട വീട്, പനയാലി -9388883894
7. ശ്രീ.റെന്നി പാപ്പച്ചൻ,പയ്യപ്പിള്ളി വീട്, നെട്ടിനംപ്പിള്ളി -9947623184
8. ശ്രീ.കെ.എസ് ദിലീപ്,കുഴപ്പിള്ളി വീട്, മേക്കാലടി,കാലടി പി.ഒ -9947898917
9. ശ്രീമതി.അൽഫോൻസ പൌലോസ്,പള്ളശ്ശേരി വീട്, വട്ടപ്പറമ്പ്-9947202938
10. ശ്രീ.രാജൻ ബി മേനോൻ,അച്ചുതം പറയത്ത് രാജഭവനം,
    മാണിക്യമംഗലം -9447459971
11. ശ്രീ.വി.എ അപ്പലൻ,വാഴശ്ശേരി വീട്, കാലടി -9447578550
12. ശ്രീ.പി.ആർ മോഹനൻ,പൊയ്ക്കാട്ടുശ്ശേരി വീട്, -8281861217
13. ശ്രീ.പാപ്പച്ചൻ പറക്കാടൻ വീട്, മറ്റൂർ,കാലടി -9446896956
14.

## നിർവ്വഹണ ഉദ്യോഗസ്ഥർ

1. ശ്രീ.ലിജോ അഗസ്റ്റിൻ (സെക്രട്ടറി) – 9496045733
2. ശ്രീ.വി.കെ സന്തോഷ് (അസിസ്റ്റന്റ് സെക്രട്ടറി) – 9495429793
3. ശ്രീമതി.ബീത്തി ബാലചന്ദ്രൻ (അഗ്രികൾച്ചർ ഓഫീസർ) – 9497864490
4. Dr. നസീമ ( മെഡിക്കൽ ഓഫീസർഇൻചാർജ്ജ് CHC ,കാലടി ) -9446478043
5. Dr. ഇന്ദു ( മെഡിക്കൽ ഓഫീസർ ആയുർവ്വേദം) – 9447848838
6. Dr. ശ്രീജ ( മെഡിക്കൽ ഓഫീസർ ഹോമിയോ) – 9895846759
7. Dr. ദീപ ( മെഡിക്കൽ ഓഫീസർ വെറ്ററിനറി) – 9446313737
8. ശ്രീമതി ലിസ്സി (V.E.O.) – 9539496112
9. ശ്രീ.സനില (V.E.O.) – 8086413937
10. ശ്രീമതി.സൈനബ (ICDS Supervisor) – 9995331254
11. ശ്രീ.പ്രശാന്ത് (Diary farm Instructor) - 8281674004
12. ശ്രീമതി.ലില്ലി (HM Govt. UPS) - 9497459287
13. ശ്രീമതി.ഫ്ലാവിയ LSGD Kalady - 9946702063

***കുടുംബശ്രീ***

1. ചെയർപേഴ്സൻ – ശ്രീമതി.പൗളി ബേബി
2. അക്കൗണ്ടന്റ് – ശ്രീമതി.ലിൻസി

# ഭാഗം- 1

## *വികസന കാഴ്ചപ്പാട്*

പഞ്ചായത്തിന്റെ കൂടുതൽ പ്രദേശങ്ങളും പാടശേഖരങ്ങളായിരുന്നു . കാർഷിക രംഗത്ത് വളരെക്കാലം മുമ്പ് മുതൽ മുൻപന്തിയിൽ നിന്ന പ്രദേശമാണ് കാലടി. പെരിയാറിൽ നിന്നും എക്കൽ മണ്ണ് കാലടി പ്രദേശത്ത് വന്നടിഞ്ഞിരുന്നതു മൂലംവളരെ ഫലപുഷ്ഠിയുള്ള മണ്ണാണ് ഇവിടത്തേത്. പഴുവിൽ പാഴൂർ മന, പറയത്ത് കുടുംബം, വിവിധ ഊരായ്മ ദേവസ്വങ്ങൾ, മറ്റൂർ മന, പള്ളികൾ, തുടങ്ങിയ ജന്മികളുടെ കൈവശമായിരുന്നു കൃഷിയിടങ്ങൾ. പാട്ട വ്യവസ്ഥയിലായിരുന്നു കൃഷിക്കാർക്ക് കൃഷി സ്ഥലം നൽകിയിരുന്നത്.ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നതോടെ കൃഷി ഭൂമിയെല്ലാം കർഷകനു സ്വന്തമായി. ഇന്ന് പാടങ്ങളൊക്കെ തുണ്ടു വത്ക്കരിക്കപ്പെട്ടിരിക്കുന്നു. കാർഷിക വൃത്തിയോട് ആഭിമുഖ്യമുള്ള കർഷകരുടെ സാന്നിദ്ധ്യം ഇന്നും കാലടിയുടെ സ്വന്തമാണ്. വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നീ മൂന്ന് വിളകളാണ് കൃഷി ചെയ്യുന്നത്. മുണ്ടകൻ കൃഷിയാണ് കൂടുതൽ ചെയ്തു വരുന്നത്. മറ്റു കർഷകരുടെ നിലം പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന കർഷകരാണ് ഇപ്പോൾ കൂടതലുള്ളത്. ഉദ്പ്പാദനോപാധികളുടെ വില വർദ്ധനയും കൂലി ചെലവ് വർദ്ധിച്ചതും, തൊഴിലാളികളെ കിട്ടാത്തതും, കാലാവസ്ഥാ വ്യതിയാനങ്ങളും കർഷകർ നെൽകൃഷിയിൽ നിന്ന് വിട്ടുപോകുവാൻ കാരണമായിട്ടുണ്ട്. നെൽപ്പാടങ്ങൾ തരിശിടുന്നതും ഇന്നു നേരിടുന്ന ഒരു പ്രശ്നമാണ്.

നമ്മുടെ പഞ്ചായത്തിലെ പാടശേഖരങ്ങളിൽ പ്രധാനമായും പിരാരൂർ പാടം, മറ്റൂർ പാടം, മുടകുളങ്ങര പാടം, കരപ്പാത്തറ, കീഴേലി പാടം, ചിറ്റേപാടം, തുറപുഞ്ച പനേപ്പാടം, കരിപ്പാത്തറ, കീഴേലിപ്പാടം, മേക്കാലടി പനയാലിപ്പാടം, തേലങ്ങാട്ടുപാടം, ചാത്തങ്കായിപ്പാടം, എന്നിവയാണ്. ഇവയിൽ 90% നവും ഇരിപ്പൂ നിലങ്ങളാണ്.

ചെമ്പാവ്, അതിയൻ, നകര, നുവ്വ, ചിറ്റേനി, ആര്യൻ, ഇട്ടിക്കണ്ടപ്പൻ, രാജമേനി, ചീര, ഓണോട്ടൻ എരുമക്കാരി തുയങ്ങിയ ഉദപ്പാദനക്ഷമത കുറഞ്ഞ വിത്തിനങ്ങളാണ് ആദ്യകാലങ്ങളിൽ കൃഷി ചെയ്തിരുന്നത്.IR-8, ജയ തുടങ്ങിയ ഉദ്പ്പാദന ക്ഷമത കൂടിയ വിത്തിനങ്ങൾ വന്നതോടുകൂടി നാടൻ വിത്തിനങ്ങൾ ഉപേക്ഷിക്കപ്പെട്ടു. ഇപ്പോൾ 30 മുതൽ 50 മേനി വരെ വിളവു തരുന്ന വിത്തിനങ്ങളാണ് കർഷകർ കൃഷി ചെയ്യുന്നത്. എന്നാൽ കൃഷിയിടത്തിന്റെ വിസ്തീർണ്ണത്തിൽ കുറവു വരുന്നതുമൂലം മൊത്തത്തിലുള്ള ഉദ്പ്പാദനം കുറഞ്ഞു വരികയാണ്. അരി വിൽപ്പന കേന്ദ്രമായ കാലടി ഒരു കാലത്ത് നെൽകൃഷിയുടെയും കേന്ദ്രമായിരുന്നു. " എന്റെ ഗ്രാമം തരിശുരഹിതഗ്രാമം" പദ്ധതിയിലൂടെ തരിശു നിലങ്ങൾ ഉടമയെകൊണ്ടോ, അല്ലെങ്കിൽ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് കുടുംബശ്രീ, ജെ.എൽ.ജി ഗ്രൂപ്പുകൾ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവരെ ഉപയോഗിച്ച് കൃഷി ചെയ്യുകയോ ചെയ്താൽ വരൾച്ചയെ നേരിടുന്നതിനും കാർഷിക സംസ്ക്കാരം പുതു തലമുറയ്ക്ക് കൈമാറുന്നതിനും സഹായകമാകും. മഴയെ ആശ്രയിച്ചു മാത്രമാണ് മുൻകാലങ്ങളിൽ കൃഷി ചെയ്തിരുന്നത്. ഏത്ത്, തുലാവ്,കയറ്റുകൊട്ട, ചവിട്ടുയന്ത്രം, എന്നിവ

ഉപയോഗിച്ച് തേവി നനാക്കുന്ന രീതിയും അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്നു. കാളകളെ പൂട്ടി ഉഴുതും വിതച്ചും ഞാറു പറിച്ച് നട്ടും ആണ് മുൻകാലങ്ങളിൽ കൃഷി ചെയ്തിരുന്നത്.

പഞ്ചായത്തിലെ പ്രധാന ജലസ്ത്രോതസ്സ് പെരിയാർ ആണ്. ഉടുമ്പുഴ ,ഊമൻ ,കൊറ്റമം തോടുകൾ പഞ്ചായത്തിലെ മറ്റ് പ്രധാന ജലസ്ത്രോസ്സുകളാണ്. കൂടാതെ പഞ്ചായത്തിന്റ് വിവിധ ഭാഗങ്ങളിലുള്ള പൊതുകുളങ്ങൾ ചിറകൾ തോടുകൾ എന്നിവയും അപ്രധാനങ്ങളല്ലാത്ത ജലവിഭവങ്ങളാണ്. പഞ്ചായത്തിലെ പ്രധാന കുളങ്ങളേയും തോടുകളേയും സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

മാണിക്യമംഗലം തുറ, പാണ്ടൻകുളം, തണ്ടാകുളം, മൂതാട്ടികുളം, കണ്ടാൻകുളം, മുടവൻകുളം

തുടങ്ങിയവ

<u>പരിസ്ഥിതി പ്രശ്നങ്ങൾ</u>

പ്രളയാനന്തരമുള്ള സവിശേഷ പ്രതിഭാസമാണ് നദികളുടേയും കിണറുകളുടേയും ജലവിധാനം താഴുന്നത് പ്രകൃതിയെ മാത്രമല്ല സർവ്വ മേഖലകളേയും പ്രളയം ശോഷിപ്പിച്ചു കളഞ്ഞു. പ്രളയം മൂലം മണ്ണിലെ അമ്ലത വർദ്ധിക്കുകയും, ഇത് കൃഷിയെ സാരമായി ബാധിച്ചിട്ടുമുണ്ട്. അമിത വള പ്രയോഗങ്ങളുടേയും കീടനാശിനികളുടേയും ഫലമായി ജലസമ്പത്താകെ വിഷമയമായിക്കൊണ്ടിരിക്കുകയാണ്.ഒരു കാലത്ത് കുടിക്കാൻ പോലും വേണ്ടത്ര ശുദ്ധമായിരുന്ന പെരിയാർ നദിയിലെ വെള്ളം ഇന്ന് കുളിക്കുവാൻ പോലും കൊള്ളാതായിരിക്കുന്നു. നെൽപാടങ്ങൾ മണ്ണിട്ട്നികത്തുന്നത് കർശനമായി നിരോധിക്കേണ്ടതാണ്

കാലടി ഗ്രാമപഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും കർഷകരും മറ്റ് മേഖലകളിൽ ജോലി ചെയ്യുന്നവരുമാണ് . കാർഷിക സംസ്കൃതിയുടെ മാറ്റം ജനങ്ങളിൽ നല്ലൊരു ഭാഗത്തേയും മറ്റ് മേഖലകളിലേക്ക് വഴി മാറാൻ പ്രേരിപ്പിച്ചിട്ടുണ്ട് . ഗ്രാമീണ തൊഴിലുറപ്പു മേഖലയാണ് പങ്കാളിത്തം കൂടുതലുള്ള മറ്റൊരു തൊഴിൽ. ചുമട്ടു തൊഴിലാളികൾ,ഈറ്റ നെയ്ത്തു തൊഴിലാളികൾ തുടങ്ങിയവരും വ്യാപാരികൾ, ചെറുകിട വ്യവസായികൾ,ആ മേഖലയിൽ പ്രവൃത്തി എടുക്കുന്നവർ എന്നിവർ കൂടി ഉൾപ്പെടുന്നവരാണ് ഇവിടത്തെ ജനത. ഈ ഗ്രാമപഞ്ചായത്തിന്റെ ഈ വിഭാഗങ്ങൾ ഏർപ്പെടുന്ന തൊഴിലിടങ്ങൾ. സർക്കാർ ഓഫീസുകൾ, സ്വകാര്യ സ്ഥാപനങ്ങൾ,വിദേശ ജോലികൾ,ആതുരാലയങ്ങൾ എന്നിവിടങ്ങളിലും പ്രവൃത്തി എടുക്കുന്നവർ ഇവിടെയുണ്ട്.

വിദ്യാഭ്യാസ രംഗത്ത് ഉന്നത നിലവാരം ഈ ഗ്രാമപഞ്ചായത്തിന് നിലനിർത്താനാകുന്നുണ്ട്. മാണിക്യമംഗലം ഹരിജൻ വെൽഫയർ സ്കൂൾ, കാലടി ഗവ യു പി സ്കൂൾ മാണിക്യമംഗലം എന്നിവ പഞ്ചായത്തിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. കൂടാതെ ശ്രീ ശങ്കര യൂണിവേഴ്സിറ്റി , ശ്രീ ശങ്കര കോളേജ് ശ്രീ ശങ്കര എഞ്ചിനീയറിംഗ് കോളേജ് എന്നിവ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ബ്രഹ്മാനന്ദോദയം ,എൻ എസ് എസ് ഹയർസെക്കന്ററി സ്കൂൾ,ജമാ അത്ത് എൽ പി സ്കൂൾ തുടങ്ങിയവ ഈ നാടിന്റെ അക്ഷര സാന്നിദ്ധ്യങ്ങളാണ്. ഉന്നത വിദ്യാഭ്യാസം , തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ,ശാസ്ത്രം ,ഭാഷ എന്നിവയിൽ ഡോക്ടറേറ്റ് നേടിയവർ തുടങ്ങിയവരും ഇവിടത്തെ ജന വിഭാഗങ്ങളിൽപ്പെടുന്നു.

എം എച്ച് കോളനി ,മറ്റൂർ 3 സെന്റ് കോളനി , മട്ടപ്പുറം കോളനി, മരോട്ടിച്ചോട് ലക്ഷം വീട് കോളനി ,തോട്ടേക്കാട് വിവേകാനന്ദ കോളനികൾ, മാണിക്യമംഗലം നെട്ടിനംപിള്ളി കോളനി , മേക്കാലടി ലക്ഷം വീട് എന്നിവിടങ്ങളിലുള്ള കോളനികൾ കേന്ദ്രീകരിച്ചാണ് ഭൂരിഭാഗം പട്ടികജാതി വിഭാഗക്കാരും താമസിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ഏറെക്കുറെ സാക്ഷാത്ക്കരിക്കപ്പെട്ടവയാണ് ഈ സങ്കേതങ്ങൾ.

സാംസ്ക്കാരിക ധാരയിലും ഈ പഞ്ചായത്ത് ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് മുൻ പന്തിയിലാണ്.ഉയർന്ന വിദ്യാഭ്യാസ നിലവാരം കലയോടും സാഹിത്യത്തോടുമുള്ള ആഭിമുഖ്യം,കാർഷിക സംസ്ക്കൃതിയുടെ പാരമ്പര്യം എന്നിവയെല്ലാം ഇതിനു പ്രധാന കാരണങ്ങളാകുന്നു.

ഗ്രാമീണ ജനതയുടെ നിത്യ ജീവിതത്തിൽ ഇടപെട്ടുകൊണ്ട് അംഗന വാടികളും ആതുരാലയങ്ങളും സഹകരണ സ്ഥാപനങ്ങളും ബാങ്കുകളും സർക്കാർ ഓഫീസുകളും സാംസ്ക്കാരിക സ്ഥാപനങ്ങളും നിരന്തരം സ്തുത്യർഹ സേവനങ്ങൾ കാഴ്ച വയ്ക്കുന്നു. എങ്കിലും പരിമിതികൾ അനേകം അവശേഷിക്കുന്നുണ്ട്. സമഗ്രമായ ഒരു വികസന സമീപനം ഇതിനു പരിഹാരമാകുമെന്ന പ്രതീക്ഷയാണുള്ളത്.അതിൽ ഏറ്റവും പ്രധാനം കാർഷിക മേഖലയുടേയും ജൈവ വൈവിധ്യത്തിന്റേയും നീർച്ചോലകളുടേയും വീണ്ടെടുപ്പു തന്നെയാണ്. പ്രാദേശിക ഭരണ സംവിധാനം കാര്യക്ഷമമാക്കുക,സേവനങ്ങൾ ഫലപ്രദമായും സമയബന്ധിതമായും നൽകുക, സുതാര്യത ഉറപ്പു വരുത്തുക എന്നിവ ആവശ്യമാണ്

***<u>സാമൂഹിക സാംസ്ക്കാരിക സാമ്പത്തിക അവസ്ഥ</u>***

സാധാരണക്കാരും ദാരിദ്ര രേഖയ്ക്കു താഴെയുള്ളവരുമാണ് ഈ ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും. സർക്കാരിൽ നിന്നും ലഭിക്കുന്ന വിവിധ ധനസഹായങ്ങൾ,ഗ്രാന്റുകൾ,കെട്ടിടനികുതി,ലൈസൻസ് ഫീസ് എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗങ്ങൾ .എന്നാൽ ഗ്രാമീണ ജനതയുടെ വിവധങ്ങളായ ആവശ്യങ്ങളിൽ ഫലപ്രദമായി ഗ്രാമപഞ്ചായത്തിന് ഇടപെടുന്നതിന് ഇത് തുലോം കുറവു തന്നെയാണ്. തൽഫലമായി വേണ്ടത്ര പ്രാധാന്യം ലഭിക്കാതെ പോകുന്ന ഒട്ടേറെ ഘടകങ്ങളുണ്ട്.

തെരുവു വിളക്ക്, കുടിവെള്ളം,പാർപ്പിടം ,ശുചിത്വം, ജലസേചനം, ചികിത്സാ സഹായങ്ങൾ, ദാരിദ്ര്യ ലഘൂകരണം, എന്നീ മേഖലകളിലെല്ലാം അടിയന്തര ശ്രദ്ധ ആവശ്യമുള്ളവയാണ്. തെരുവു വിളക്ക് പ്രകാശിപ്പിക്കുന്നതിനായി മെയിൻറനൻസ് കോൺട്രാക്ട് ഒട്ടുമിക്ക പ്രദേശങ്ങളും വഴിവിളക്കിന്റെ കാര്യത്തിൽ പറയത്തക്ക പ്രശ്നമില്ലാത്തവയായി മാറി.

ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചെടുത്തോളം അധികാര വികേന്ദ്രീകരണം വഴി ഒട്ടേറെ അധികാരങ്ങളും സേവന മേഖലകളും വകുപ്പുകളും കൈമാറിയിട്ടുണ്ട്. ജനസംഖ്യ, വാർഡുകളുടെ എണ്ണം , പശ്ചാത്തല സൗകര്യം, അനുബന്ധ മേഖലകൾ എന്നിവയിൽ മുന്നേറ്റങ്ങളുണ്ടായി. ആവശ്യങ്ങളുടെ പട്ടിക വർദ്ധിക്കുന്നു. എന്നാൽ ഇതെല്ലാം നിറവേറ്റുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളിലുള്ള കാലാനുസൃതമായ മാറ്റങ്ങൾ, ചട്ടങ്ങളുടെ ലഘൂകരണം എന്നിവയിലും പുരോഗതി ഉണ്ടായിട്ടില്ല. അതുകൊണ്ടു തന്നെ പലപ്പോഴും പരാതികൾക്കും പരിഭവങ്ങൾക്കുമുള്ള ഇടമായി ഗ്രാമപഞ്ചായത്ത് അവശേഷിക്കുന്നു എന്നത് ഒരു വസ്തുതയാണ്. ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ കമ്പ്യൂട്ടർ വത്കരണം , അതിനനുസൃതമായ സോഫ്റ്റ് വെയറുടെ വിന്യാസം , കാര്യക്ഷമമായി പ്രവർത്തനം നടത്തുന്നതിനുള്ള സാഹചര്യങ്ങൾ, ജീവനക്കാരുടെ എണ്ണത്തിലുള്ള വർദ്ധനവ് എന്നിവയെല്ലാം അനുപേക്ഷണീയമാണ്.

നിലവിൽ , ജനന മരണ രജിസ്ട്രേഷൻ, വിവാഹ രജിസ്ട്രേഷൻ, പദ്ധതി തയ്യാറാക്കൽ, വിവിധ സാമൂഹ്യ പെൻഷനുകൾ , വസ്തു നികുതി , ഫ്രണ്ട് ഓഫീസ് സംവീധാനം, എന്നിവയാണ് കമ്പ്യൂട്ടർ വത്കരിക്കപ്പെട്ടിട്ടുള്ളത്. കൂടുതൽ ഉത്തരവാദിത്വങ്ങളും ചുമതലകളും കൈമാറുമ്പോൾ നിലവിലുള്ള അവസ്ഥയെ കുറിച്ചുള്ള യഥാർത്ഥ പഠനമോ വിലയിരുത്തലുകളോ നടക്കുന്നില്ല.

അധികാര വികേന്ദ്രീകരണം വഴി സദ്ഭരണം പ്രദാനം ചെയ്യുന്നതിന് സംവീധാനങ്ങളെ കാലാനുസൃതമായി , ആവശ്യങ്ങൾക്ക് വിധേയമായി പുനഃക്രമീകരിക്കേണ്ടതുണ്ട്. 14-ാം പഞ്ചവത്സര പദ്ധതിയും അതിനോടനുബന്ധമായ ചിന്തകളും ഇതിനു മാർഗദർശകമാകും എന്നു നമുക്കു ശ്രമിക്കാം.

ആധുനിക കൃഷി രീതികളുടെ ആവിർഭാവത്തോടുകൂടി ട്രാക്റ്ററുകളും, പവർ ടില്ലറുകളും ഉപയോഗിച്ചുള്ള കൃഷി രീതി വ്യാപകമായി. ജലസേചന പദ്ധതികളായ ആവണംകോട് ലിഫ്റ്റ് ഇറിഗേഷൻ, ചാലക്കുടി ഇറിഗേഷൻ പ്രോജക്റ്റ് തുടങ്ങിയ പദ്ധതികളുടെ ആവിർഭാവത്തോടുകൂടി വൻ പരിവർത്തനമാണ് കാർഷിക മേഖലയിൽ ഉണ്ടായത്. വ്യവസായ വത്ക്കരണത്തിന്റെ അതി പ്രസരം കാർഷിക രംഗത്തെ മരവിപ്പിച്ചു. വിത്ത്, വളം, കീടനാശിനി മുതലായവയുടെ അമിത വില വർദ്ധനയും കർഷക തൊളിലാളികളെ ലഭിക്കാതെ വന്നതും കർഷകരെ നിരാശരാക്കി. മുൻ

കാലങ്ങളിൽ കൊയ്ത്തിന് കൊയ്ത്തുമെതി യന്ത്രം സാർവ്വത്രികമായി ഉപയോഗിച്ചിരുന്നില്ല. നെൽപ്പാടങ്ങൾ നികത്തിയാൽ കൂടുതൽ വില കിട്ടുമെന്നായപ്പോൾ കർഷകർ നിലം നികത്താൻ

തുടങ്ങിയതും നെൽകൃഷിയെ ദേഷകരമായി ബാധിച്ചു. സംസ്കൃത യൂണിവേഴ്സിറ്റി, നിരവധി വ്യവസായ സ്ഥാപനങ്ങൾ എന്നിവക്കുവേണ്ടി മുമ്പു കൃഷി ചെയ്തിരുന്ന നെൽവയലുകൾ വരെ നികത്തിയത് കാർഷിക മേഖലക്ക് തിരിച്ചടിയായി. ചെമ്പിച്ചേരി പാടം, പിരാരൂർ പാടം, മറ്റൂർ പാടം, പനയാലിപാടം, എന്നി പാടശേഖരങ്ങളിലെല്ലാം ഈ പ്രതിഭാസം കാണാൻ കഴിയും. നെൽകൃഷി നാമാവശേഷമായ അവസ്ഥയിൽ നിന്നും മാറ്റം വരുത്തി കൂടുതൽ പ്രദേശത്ത് നെൽകൃഷി വ്യാപിക്കുന്നതിനുള്ള പരിശ്രമം അനിവാര്യമാണ്.

പ്രളയത്തിനുശേഷം പശുക്കൾ ചത്തൊടുങ്ങിയതും അവശേഷിക്കുന്ന പശുക്കളിൽ നിന്ന് ലഭിക്കുന്ന പാലിലുണ്ടായ കുറവ് ക്ഷീരകർഷകരുടെ പ്രധാന പ്രശ്നമാണ്. കന്നുകാലികളിലെവന്ധ്യതയാണ് ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നം. വന്ധ്യത നിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിലൂടെയാണ് പരിഹാരംകണ്ടെത്താനാവുക.

ഗ്രാമപഞ്ചായത്തിൽ ആകെ 28 അംഗനവാടികളാണുള്ളത്. ഇതിൽ സ്വന്തമായി കെട്ടിടമില്ലാത്ത 9 അംഗൻവാടികൾക്കും കെട്ടിടം പണിയുന്നതിന് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും കെട്ടിടം പണിയുന്നതിന് ഫണ്ട് കണ്ടെത്തുകയും ചെയ്യേണ്ടതാണ്.

60 വയസ്സിന് മുകളിലുള്ള എല്ലാവയോജനങ്ങളുടേയും ജീവിതഭദ്രത ഉറപ്പാക്കുക. ഒറ്റപ്പെട്ട് കഴിയുന്ന വയോധികർക്കും മക്കളുടെ ജോലിതിരക്കുമൂലം കുടുംബത്തിൽ ഒറ്റപ്പെടുന്നവർക്കും മാനസീകശാരീരീക ഉല്ലാസത്തിനായി പകൽവീടുകൾ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്. വയോജന കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കുകയും അവർക്കു വേണ്ട രോഗ പരിശോധനകൾ നടത്തി മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.

ജീവിത ശൈലിരോഗങ്ങളും ആരോഗ്യ പ്രശ്നങ്ങളും ഏറ്റവും കൂടുതൽ വനിതകൾക്കാണ്. ഇത് സംബന്ധിച്ച് ബോധവത്ക്കരണ ക്ലാസ്സുകൾ നൽകുന്നത്ഉത്തമമാണ്. വനിതകളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനും ജീവിത നിലവാരംഉയർത്തുന്നതിന് വേണ്ടിസ്വയംതൊഴിൽ പദ്ധതികൾക്കായുള്ള ട്രെയിനിംഗ് നൽകുക. വനിതകൾക്കായി പി.എസ്.സി കോച്ചിംഗ് ക്ലാസ്സുകൾ നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ഒരു സർക്കാർ ആശുപത്രിയും ഒമ്പതോളം സ്വകാര്യ നേഴ്സിംഗ് ഹോമുകളും കൂടാതെ സർക്കാർ തലത്തിലുള്ള ആയുർവ്വേദ ആശുപത്രിയും ഹോമിയോ ഡിസ്പെൻസറിയും ഉണ്ട്. സാമ്പത്തികമായി പിന്നോക്കമുള്ള ഭൂരിഭാഗം ജനങ്ങളും ഈ ആശുപത്രികളെ ആശ്രയിക്കുന്നു. പകർച്ചവ്യാധി രോഗങ്ങൾ പൊതുവെകുറവാണ്. ജീവിതശൈലിയിൽ ഉണ്ടായ മാറ്റങ്ങൾ കൊണ്ടുള്ള രോഗങ്ങൾ ഇല്ലാതാക്കുന്നതിന് യോഗക്ലാസുകൾ നടത്തുന്നത് അഭികാമ്യമാണ്.

ആയുർവ്വേദ ആശുപത്രിയിൽ പഞ്ചകർമ്മ ചികിത്സക്കായുള്ള സൗകര്യം ലഭ്യമല്ല. ആയുർവേദ ഡിസ്പെൻസറിയിൽ പഞ്ചകർമ്മ ചികിത്സയ്ക്കുള്ള സൗകര്യവും കിടത്തി ചികിത്സാസൗകര്യവും ഒരുക്കുന്നത് രോഗികൾക്ക് ആശ്വാസമേകുന്നതാണ്.

ഗ്രാമപഞ്ചായത്തിൽ ആകെ പട്ടികജാതിസങ്കേതങ്ങളാണ് ഉള്ളത്. ഭൗതീകസാഹചര്യങ്ങളിൽ ഏറെമുന്നോട്ട് പോയിട്ടുണ്ടെങ്കിലും ഇന്നും ഒട്ടേറെ അവശത അനുഭവിക്കുന്നവരാണ് ഈ വിഭാഗത്തിൽപ്പെടുന്നവർ. കുടിവെള്ളം ,തൊഴിലില്ലായ്മ, വീടുകളുടെശോചനീയാവസ്ഥ, കുടുംബ വരുമാനത്തിലുള്ളകുറവ് ഇങ്ങനെ നിരവധി പ്രശ്നങ്ങൾ ഈ മേഖല നേരിടുന്നുണ്ട്. എം എച്ച് കോളനി പ്രദേശത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി അവിടെ സ്ഥിതിചെയ്യുന്ന പൊതുകിണർ ശുദ്ധീകരിക്കേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിൽ ഭൂരഹിതരും ഭവന രഹിതരുമായ നിരവധി കുടുംബങ്ങൾ ഉണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രിയദർശിനി ,മട്ടപ്പുറം എന്നീ കോളനികളിൽ റോഡ് സൗകര്യമില്ലായ്മ മൂലം ഭവന നിർമ്മാണത്തിന് ആവശ്യമായ സാധന സാമഗ്രികൾ എത്തിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു.

ഗ്രാമപഞ്ചായത്തിലെ നിരാലംബരുടെ സർവ്വേ നടത്തി അവർക്ക് വേണ്ട സൗകര്യങ്ങൾ എത്തിക്കുക. ആശ്രയ പദ്ധതി പ്രകാരം 190 കുടുംബങ്ങൾക്ക് സഹായം എത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും തനതു പ്രവർത്തനങ്ങളുമാണ് ഒരു ഗ്രാമപഞ്ചായത്തിന് നിർവ്വഹിക്കാനുള്ളത്. ഭരണസേവന മേഖലകളുടെ സുതാര്യതയും കാര്യക്ഷമതയും ഫലപ്രാപ്തിയും ഉറപ്പുവരുത്തുക എന്നതാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ജനന മരണരജിസ്ട്രേഷൻ, വിവാഹരജിസ്ട്രേഷൻ , പെൻഷനുകൾ പദ്ധതി രൂപീകരണം, കെട്ടിട നികുതി , അക്കൗണ്ട്സ് എന്നിവ ഇപ്പോൾ കമ്പ്യൂട്ടർ വത്കരിക്കപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ സംഘാടനം, രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയും നിരവധി വ്യക്തിഗത സാമൂഹ്യആവശ്യങ്ങൾ, പ്രശ്നങ്ങൾ , പരിഹാരങ്ങൾ എന്നിവയും പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്നു.എന്നാൽ ഇതിന് അനുസൃതമായ മനുഷ്യവിഭവശേഷി അപര്യാപ്തമായതിനാൽ പലപ്പോഴും പല പ്രവർത്തനങ്ങളും ഫലപ്രദമായരീതിയിൽ നടപ്പിലാക്കാൻ ആകുന്നില്ല.

## ഭാഗം- 2

### 14-ാം പഞ്ചവത്സര പദ്ധതി -വിലയിരുത്തൽ

14-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ മേഖലയിലും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും അടങ്ങിയ ഒരു കൺസോളിഡേഷൻ റിപ്പോർട്ട്,ഇംപ്ലിമെന്റിംഗ് ഓഫീസർ വൈസ് റിപ്പോർട്ട് എന്നിവ ഇതോടൊപ്പം സമർപ്പിക്കുന്നു.

## ഭാഗം 3

### പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാദ്ധ്യതകളും

### (അടിസ്ഥാന വികസന മേഖലകൾ)

**കൃഷി**

1. വേങ്ങൂർ ആനാട്ട് തോട്, മറ്റൂർ-ചെങ്ങൽ ഉടുമ്പുഴ തോട് ജല മലിനീകരണം - റൈസ് മില്ലുകളിൽ നിന്ന് മാലിന്യം നിറഞ്ഞ വെള്ളവും ഉമി ചാരവും ചാരവും തോട്ടിലൂടെ ഒഴുക്കുന്നു. ജല സമ്പത്ത് നശിക്കുന്നു. ജലസേചനം തടസ്സപ്പെടുന്നു. കൃഷി നാശം സംഭവിക്കുന്നു. ജലജീവികൾ നശിക്കുന്നു. കൊതുകുകൾ പെരുകുന്നു. കിണറുകൾ മലിനമാകുന്നു. ഗ്രാമപഞ്ചായത്ത് മലിന ജലം, ,പുക,ഉമിച്ചാരവും ചാരവും ശുദ്ധീകരിക്കുന്നതിനുള്ള ട്രീറ്റ്മെന്റ് പ്ലാന്റുകൾ റൈസ് മില്ലുകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. എല്ല് പൊടി കമ്പനിയിലും ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുക.
2. കണ്ണൻകുളം വാർഡ്-1, പാണ്ടൻകുളം വാർഡ്-13, ചക്കുകുളം വാർഡ്-3, കുഴിയമ്പാടം വാർഡ്-5, മാണിക്യമംഗലം ലിഫ്റ്റ് ഇറിഗേഷൻ കുളം, മൂതാട്ടിക്കുളം വാർഡ്-2, കാളിയുടെ കുളം വാർഡ്-17, ചൂണ്ടാണിക്കുളം വാർഡ്-16 എന്നിവിടങ്ങളിൽ സംരക്ഷണ ഭിത്തികൾ ഇല്ലാത്തത് കൊണ്ട് മണ്ണ് അടി ഞ്ഞുകൂടുന്നു. ഭൂമിയിൽ കയ്യേറ്റം നടക്കുന്നു. വഴി ഇല്ലാതാക്കിയിരിക്കുന്നു. ജലസംരക്ഷണം സാധിക്കുന്നില്ല. ജലസേചനത്തിനും മറ്റാവശ്യങ്ങൾക്കും ഉപയോഗപ്പെടുന്നില്ല. ഗ്രാമപഞ്ചായത്ത് സർവ്വേ നടത്തി കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിച്ച് സൈഡ് കെട്ടി ചെളിയും മണ്ണും നീക്കം ചെയ്ത് ഉപയോഗ്യയോഗ്യമാക്കുക.കുളത്തിലേക്കുള്ള തോടുകളും വഴിയും പുനസ്ഥാപിക്കുക
3. കർഷകതൊഴിലാളി ക്ഷാമം- തൊഴിലാളികളെ കിട്ടുവാനുള്ള ബുദ്ധിമുട്ട്, കൃഷി ലാഭകരമല്ലാത്തത് ഭൂമാഫിയകളുടെ കടന്നുകയറ്റം. കർഷകതൊഴിലാളി കർമ്മസേന രൂപീകരിക്കുക

4. വിപണനം – കാർഷിക ഉൽപ്പനങ്ങൾ വില കുറച്ച് വിൽക്കേണ്ടി വരുന്നു. കർഷകർക്കു നഷ്ടം നേരിടുന്നു. ആധുനിക സൗകര്യങ്ങളോടു കൂടിയ വിപണന കേന്ദ്രം തുടങ്ങുക ,സ്റ്റോറേജ് സംവിധാനം ഒരുക്കുക ,വിദേശ മാർക്കറ്റ് കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുക
5. തെങ്ങ് കൃഷി കുറയുന്നു– മണ്ടരി, കൂമ്പ് ചീയൽ, ചെമ്പൻ ചെല്ലി ഇവ മൂലം തെങ്ങുകൾ നശിക്കുന്നു.കാറ്റു വീഴ്ചയും തെങ്ങ് നശിപ്പിക്കുന്നു. നാളികേരം ഉൽപ്പാദനം കുറയുന്നു.സമ്പത്ത് നഷ്ടപ്പെടുന്നു. പ്രതിരോധ ശേഷിയുള്ള തെങ്ങിൻ തൈകൾ പ്രോത്സാഹിപ്പിക്കുക. .അത്യുൽപ്പാദന ശേഷിയുള്ള കുള്ളൻ തെങ്ങുകൾ പ്രോത്സാഹിപ്പിക്കുക.
6. കുരുമുളക് ദൗർലഭ്യം– ദ്രുത വാട്ടം സ്ഥലകുറവ് മൂലം കൃഷി ഉപേക്ഷിക്കുന്നു. സാമ്പത്തിക നഷ്ടം. കുറ്റി കുരുമുളക് വ്യാപിപ്പിക്കുക കൊന്നയിൽ കുരുമുളക് വ്യാപിപ്പിക്കുക .കരിമുണ്ടയും, പന്നിയൂരും പ്രോത്സാഹിപ്പിക്കുക

## മൃഗസംരക്ഷണം

ഗ്രാമപഞ്ചായത്തിലെ കന്നുകാലികളുടെയും പക്ഷികളുടെയും വിവരങ്ങൾ

പശു–1222

പോത്ത് –160

ആട്–1409

പന്നി–34

എരുമ – 20

ഇറച്ചിക്കോഴി –10000

താറാവ് -1966

കാട –1500

കന്നുകാലികളിലെ വന്ധ്യതയാണ് ക്ഷീര കർഷകർ നേരിടുന്ന പ്രധാന പ്രശ്നം. വന്ധ്യത നിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിലൂടെയാണ് പരിഹാരം കണ്ടെത്താനാവുക. മൃഗാശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക വഴി സേവനങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിയ്ക്കാനാകും

## ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർ

നിലവിൽ ശാരീരീക മാനസീക വൈകല്യമുള്ള 72 കുട്ടികൾക്കാണ് സ്ക്കോളർഷിപ്പ് നൽകുന്നത്.അംഗപരിമിതർക്ക് സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. പൊതുസ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും അംഗപരിമിതർക്ക് പ്രത്യേക സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

## വൃദ്ധർ

60 വയസ്സിന് മുകളിലുള്ള എല്ലാ വയോജനങ്ങളുടേയും ജീവിത ഭദ്രത ഉറപ്പാക്കുക. ഒറ്റപ്പെട്ട് കഴിയുന്ന വയോധികർക്കും മക്കളുടെ ജോലി തിരക്കു മൂലം കുടുംബത്തിൽ ഒറ്റപ്പെടുന്നവർക്കും മാനസീക ശാരീരീക ഉല്ലാസത്തിനായി പകൽ വീടുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ ആവശ്യമാണ്. വയോജന കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കുകയും അവർക്കു വേണ്ട രോഗ പരിശോധനകൾ നടത്തി മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.

**വനിതാ വികസനം**

ജീവിത ശൈലി രോഗങ്ങളും ആരോഗ്യ പ്രശ്നങ്ങളും ഏറ്റവും കൂടുതൽ വനിതകൾക്കാണ്. ഇത് സംബന്ധിച്ച് ബോധവത്ക്കരണ ക്ലാസ്സുകൾ നൽകുന്നത് ഉത്തമമാണ്. വനിതകളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിന് വേണ്ടി സ്വയം തൊഴിൽ പദ്ധതികൾക്കായുള്ള ട്രെയിനിംഗ് നൽകുക. വനിതകൾക്കായി പി.എസ്.സി കോച്ചിംഗ് ക്ലാസ്സുകൾ നൽകുക

**ആരോഗ്യം**

ഗ്രാമപഞ്ചായത്തിൽ ഒരു സർക്കാർ ആശുപത്രിയും ഒമ്പതോളം സ്വകാര്യ നേഴ്സിംഗ് ഹോമുകളും കൂടാതെ സർക്കാർ തലത്തിലുള്ള ആയുർവ്വേദ ആശുപത്രിയും ഹോമിയോ

ഡിസ്പെൻസറിയും ഉണ്ട്. സാമ്പത്തികമായി പിന്നോക്കമുള്ള ഭൂരിഭാഗം ജനങ്ങളും ഈ ആശുപത്രികളെ ആശ്രയിക്കുന്നു.പകർച്ചവ്യാധി രോഗങ്ങൾ പൊതുവെ കുറവാണ്. ജീവിത ശൈലിയിൽ ഉണ്ടായ മാറ്റങ്ങൾ കൊണ്ടുള്ള രോഗങ്ങൾ ഇല്ലാതാക്കുന്നതിന് യോഗക്ലാസുകൾ നടത്തുന്നത് അഭികാമ്യമാണ്.

ആയുർവേദാശുപത്രിയിൽ പ്രധാനമായും ജീവിതശൈലി രോഗങ്ങൾക്കായുള്ള ചികിത്സക്കായാണ് രോഗികൾ എത്തുന്നത്. ആശുപത്രിയിൽ പഞ്ചകർമ്മ ചികിത്സക്കായുള്ള സൗകര്യം ലഭ്യമല്ല ആയുർവേദ ഡിസ്പെൻസറിയിൽ പഞ്ചകർമ്മ ചികിത്സയ്ക്കുള്ള സൗകര്യവും കിടത്തി ചികിത്സാ സൗകര്യവും ഒരുക്കുന്നത് രോഗികൾക്ക് ആശ്വാസം ഏകുന്നതാണ്.

**പട്ടികജാതി**

ഗ്രാമപഞ്ചായത്തിൽ ആകെ പട്ടികജാതി സങ്കേതങ്ങളാണ് ഉള്ളത്. ഭൗതീക സാഹചര്യങ്ങളിൽ ഏറെ മുന്നോട്ട് പോയിട്ടുണ്ടെങ്കിലും ഇന്നും ഒട്ടേറെ അവശത അനുഭവിക്കുന്നവരാണ് ഈ വിഭാഗത്തിൽപ്പെടുന്നവർ. കുടിവെള്ളം, തൊഴിലില്ലായ്മ, വീടുകളുടെ ശോചനീയാവസ്ഥ, കുടുംബവരുമാനത്തിലുള്ള കുറവ് ഇങ്ങനെ നിരവധി പ്രശ്നങ്ങൾ ഈ മേഖല നേരിടുന്നുണ്ട്. ലഭ്യമായ ആനുകൂല്യങ്ങൾ സംബന്ധിച്ച അറിവില്ലായമ –പകൽവീട് സംരഭങ്ങൾ, ഹെൽപ്പ് ഡെസ്ക്

സംവിധാനം രൂപീകരിക്കുന്നത് ഒരു പരിധി വരെ ഇതിനു പരിഹാരമാകും.പട്ടികജാതി കോളനികളിലും ഒറ്റപ്പെട്ട് താമസിക്കുന്നവരുമായ മദ്ധ്യ വയസ്സ് കഴിഞ്ഞവരുടെയും രോഗാവസ്ഥ –അമിതമായ മദ്യപാനം, പുകവലി, കഠിനദ്ധ്വാനം, വിശ്രമ രഹിതമായ ജോലി താമസ സ്ഥലത്തേയും, തൊഴിലിടങ്ങളിലെയും വൃത്തിഹീനമായ സാഹചര്യങ്ങൾ ആശ്രയമില്ലാത്ത വൃദ്ധർ. ഗ്രാമപഞ്ചായത്തിന്റെയും, ആരോഗ്യ വകുപ്പിന്റെയും, ആശാ പ്രവർത്തകരുടെയുമെല്ലാം കൂട്ടായ ബോധവത്ക്കരണ പരിപാടികളും, പരിശോധനകളും ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കലും പുനരധിവാസ പ്രവർത്തനങ്ങളിലൂടെയും ഒരു പരിധിവരെ ഈ പ്രശനങ്ങൾ പരിഹരിക്കുവാൻ കഴിയും. സാമ്പത്തിക ഭദ്രതയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്കിടയിൽ ദാരിദ്രാവസ്ഥ വരുമാനദായക പ്രോജക്റ്റുകൾ പദ്ധതിയിൽ ഉൾപ്പെടുത്തുക കുടുംബശ്രീ, തൊഴിലുറപ്പ് സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുക വഴി പരിഹരിക്കുവാൻ കഴിയും. പട്ടികജാതി സങ്കേതങ്ങളിൽ മദ്യ-ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം ബോധവത്ക്കരണ ക്യാമ്പെയ്നുകൾ നടത്തുക വഴി കുറയ്ക്കാനാകും.

**പ്രാദേശിക സാമ്പത്തിക വികസനം**

ഗ്രാമപഞ്ചായത്തിൽ ആകെ 297 അയൽക്കൂട്ടങ്ങളും 42 ജെ.എൽ.ജി ഗ്രൂപ്പുകളും 18 തൊഴിൽ ഗ്രൂപ്പുകളുമാണുള്ളത്. ലൈസൻസ്കിട്ടുന്നതിനുള്ള ബുദ്ധിമുട്ട്, ആരംഭഘട്ടത്തിലുള്ളവരുമാനക്കുറവ്, ഉത്പന്നങ്ങൾക്കായുള്ളവിപണികണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ട്, സർക്കാർ തലത്തിലുള്ള സഹായങ്ങൾ ലഭ്യമാകാത്തത് എന്നിവ ചെറുകിടവ്യവസായങ്ങൾ ആരംഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നു. പഞ്ചായത്ത്തലത്തിൽ പ്രത്യേകമായി വ്യവസായമേഖലകൾ ആരംഭിക്കുക , സംഭരണവിപണന കേന്ദ്രങ്ങൾ ആരംഭിക്കുക, സബ്സിഡിതുക ഉയർത്തുക എന്നിവ ഇതിനു പരിഹാരമാണ്.

**ദാരിദ്ര്യ ലഘൂകരണം**

ഗ്രാമപഞ്ചായത്തിൽ ഭൂരഹിതരും ഭവന രഹിതരുമായ നിരവധി കുടുംബങ്ങൾ ഉണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രിയദർശിനി ,മട്ടപ്പുറം എന്നീ കോളനികളിൽ റോഡ സൗകര്യമില്ലായ്മ മൂലം ഭവന നിർമ്മാണത്തിന് ആവശ്യമായ സാധന സാമഗ്രികൾ എത്തിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു. ഗ്രാമപഞ്ചായത്തിലെ നിരാലംബരുടെ സർവ്വേ നടത്തി അവർക്ക് വേണ്ട സൗകര്യങ്ങൾ എത്തിക്കുക. ആശ്രയ പദ്ധതി പ്രകാരം 147 കുടുംബങ്ങൾക്ക് സഹായം എത്തിക്കുന്നു.

**സദ്ഭരണം**

ഗ്രാമപഞ്ചായത്തിലെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും തനതു പ്രവർത്തനങ്ങളുമാണ് ഒരു ഗ്രാമപഞ്ചായത്തിന് നിർവ്വഹിക്കാനുള്ളത്. ഭരണ സേവന മേഖലകളുടെ സുതാര്യതയും കാര്യക്ഷമതയും ഫലപ്രാപ്തിയും ഉറപ്പു വരുത്തുക എന്നതാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ജനന മരണ രജിസ്ട്രേഷൻ, വിവാഹ രജിസ്ട്രേഷൻ , പെൻഷനുകൾ പദ്ധതി രൂപീകരണം , കെട്ടിട നികുതി , അക്കൗണ്ട്സ് എന്നിവ ഇപ്പോൾ കമ്പ്യൂട്ടർ വത്കരിക്കപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ സംഘാടനം, രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയും നിരവധി വ്യക്തിഗത സാമൂഹ്യ ആവശ്യങ്ങൾ, പ്രശ്നങ്ങൾ , പരിഹാരങ്ങൾ എന്നിവയും പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്നു.എന്നാൽ ഇതിന് അനുസൃതമായ മനുഷ്യവിഭവ ശേഷി അപര്യാപ്തമായതിനാൽ പലപ്പോഴും പല പ്രവർത്തനങ്ങളും ഫലപ്രദമായ രീതിയിൽ നടപ്പിലാക്കാൻ ആകുന്നില്ല.

**ജൈവ വൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം**

സംസ്ഥാനത്ത് ഉണ്ടായ മഹാപ്രളയത്തിന്റേയും ഇടക്കിടെ ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടേയും പശ്ചാത്തലത്തിൽ ഇതിന്റെ ആഘാതങ്ങൾ കുറക്കുന്നതിനുള്ള പഠനങ്ങൾ നടത്താൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുകയുമാണ്. ഇതിന്റെ ലക്ഷ്യം, ഇതിനായി പൊതു

കുളങ്ങളും തോടുകളും സംരക്ഷിക്കുക, മരങ്ങൾ വച്ചുപിടിപ്പിക്കുക, ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കുക എന്നിവയാണ് ഇതിലൂടെ നടപ്പിലാക്കാൻ ഉദ്ധേശിക്കുന്നത്.

## ഭാഗം 4

## വികസന കാഴ്ചപ്പാട് ,ലക്ഷ്യങ്ങൾ,തന്ത്രം

നവകേരള സൃഷ്ടിക്ക് വേണ്ടി സർക്കാർ നടപ്പാക്കുന്ന ഹരിത കേരളം, ആർദ്രം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ജനോപകാര പ്രദവും സേവനോന്മുഖവുമായ പദ്ധതികൾ നടത്തുക . ജനപങ്കാളിത്വം നടപ്പിലാക്കുക.വ്യക്തിപരമായ സബ്സിഡികൾ ഗുണഭോക്താക്കളുടെ മുതൽമുടക്ക് പ്രോത്സാഹിപ്പിക്കുന്നതിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്ക് ഒത്തവണ്ണം മുതൽമുടക്കാൻ ഗുണഭോക്താക്കളെ പ്രേരിപ്പിക്കുക.കൃഷി നാടിന്റെ സംസ്ക്കാരമാക്കി മാറ്റുക.പാൽ, മുട്ട , മാംസം എന്നിവയുടെ ഉദ്പാദനം മുഖ്യ തൊഴിലായോ ഉപതൊഴിലായോ കണ്ട് മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്നവരെ പ്രോത്സാഹിപ്പിക്കുക. ഒരു പുതിയ തൊഴിൽ സംസ്കാരം വളർത്തുക. കുടുംബശ്രീ പ്രവർത്തകർ മറ്റ് ഇതര ഗ്രൂപ്പുകൾക്കും, സ്ഥാപനങ്ങൾക്കും , വ്യക്തികൾക്കും പരിശീലനം നൽകുക. സംരംഭകരെ പ്രോത്സാഹിപ്പിക്കുക. ഉദ്പാനത്തിനും വിപണനത്തിനും ഭൗതീക സാഹചര്യങ്ങൾ ഏറ്റെടുക്കുക. വ്യവസായ പാർക്ക് കൊണ്ട് വരുക.നവകേരള സൃഷ്ടിയുടെ ഭാഗമായി ലൈഫ് ഉൾപ്പെടെയുള്ള മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് അർഹരായ മുഴുവൻ പേർക്കും വീട് നൽകുക, കോളനികളിൽ സമഗ്ര വികസനം നടപ്പിലാക്കുക. ഫ്ളാറ്റ് സമുച്ചയങ്ങളുടെ സാധ്യത കണ്ടെത്തുക.വിവിധ സ്രോതസ്സുകളിൽ

പരിഗണന നയം ഉണ്ടെന്ന് ഉറപ്പാക്കുക. സ്ത്രീകൾക്ക് എതിരെ വർദ്ധിച്ചു വരുന്ന അക്രമങ്ങളെ തടയാൻ ജാഗ്രതാ സമിതികൾ പോലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി ഒരു നല്ല സംസ്ക്കാരം നടപ്പിലാക്കുക.വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകുക.കുടിവെള്ളം ,വൈദ്യുതി,പശ്ചാത്തല സൗകര്യങ്ങൾഎന്നിവ മെച്ചപ്പെടുത്തുക,വിദ്യാഭ്യാസ സഹായം,ലാപ്ടോപ്,സൈക്കിൾ എന്നിവ നൽകുക.മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുക.

മാലിന്യ നിർമ്മാർജ്ജനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച്ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.കർശനമായ നിയമ നടപടികൾ സ്വീകരിക്കുക.ആരോഗ്യ സ്ഥാപനങ്ങളിൽ ആധുനികവും മെച്ചപ്പെട്ടതുമായസേവനം ഉറപ്പാക്കുക.പൊതു ഇടങ്ങൾ മലിനമാക്കുന്നത് കർശനമായി തടയുക.വ്യക്തിപരമായി നൽകുന്ന സബ്സിഡി ഈ മേഖലയ്ക്കു ഗുണകരമായി മാറ്റുന്നതിന് സഹായകരമായിരിക്കണം. ജലത്തെ അമൂല്യമായികണ്ട് നിലവിലുള്ള എല്ലാ ജല സ്രോതസുകളേയും തണ്ണീർത്തടങ്ങളേയും സംരക്ഷിക്കുക.ശുദ്ധജലം ലഭ്യമാക്കാൻ ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുക.ശുചിത്വത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവരെ ബോധവൽക്കരിക്കുക. ആധുനിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ,കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് വേണ്ട രീതിയിൽ നടത്താൻ സാധിക്കാത്ത യുവജനങ്ങൾക്ക് ആയത് ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക.പി.റ്റി.എ യുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം നൽകുക.കൃത്യമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുക.ലഭ്യമാക്കാൻ കഴിയുന്ന പരമാവധി ഫണ്ടുകൾ ലഭ്യമാക്കി പ്രയോജനപ്പെടുത്തുക .ഇതു വഴി സ്ക്കൂളുകൾ,അങ്കണവാടികൾ,ആരോഗ്യ സ്ഥാപനങ്ങൾ,കൃഷി ഭവൻ,മൃഗാശുപത്രി ,പഞ്ചായത്ത് ഓഫീസ് ,റോഡുകൾ എന്നിവയുടെ വികസനം സാദ്ധ്യമാക്കുക.

| 2022–23 വാർഷിക പദ്ധതി – ബഡ്ജറ്റ് അലോക്കേഷൻ | |
|---|---|
| വരുമാന സ്രോതസ് | തുക |
| പൊതു വിഭാഗം | 19444000 |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 9660000 |
| എസ് സി പി | 6668000 |
| റോഡ് | 30351000 |
| നോൺ റോഡ് | 3906000 |
| ആകെ | 70029000 |

ഭാഗം5

# പ്രത്യേക പദ്ധതികൾ

## 1. ധനകാര്യം

1. വാട്ടർ അതോറിറ്റി ബിൽ അടയ്ക്കൽ –275000
2. ടെക്നിക്കൽ അസിസ്റ്റന്റിന് ശമ്പളം –402939
3. ഐ കെ എം. വരിസംഖ്യയും സാങ്കേതിക സഹായത്തിനുള്ള പ്രതിഫലവും –75000
4. പദ്ധതി , നിർവ്വഹണവും, മോണിറ്ററിംഗും –150000
5. പ്രോജക്റ്റ് അസിസ്റ്റന്റിന് ശമ്പളം –267480
6. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ തുടർ പ്രവർത്തനങ്ങൾ –50000
7. ആയുർവ്വേദ ആശുപത്രിക്ക് സ്ഥലം വാങ്ങൽ –3500000
8. പ്രോജക്റ്റ് അസിസ്റ്റന്റിന് ശമ്പളം –267480
9. എൽ ഇ ഡി ലൈറ്റ് വാങ്ങൽ -300000

## കൃഷിയും അനുബന്ധമേഖലയും

1. നെൽകൃഷിയ്ക്ക് വിത്ത്,കൂലിചെലവ് – 1400000
2. വാഴകൃഷിയ്ക്ക് ഉല്പാദനോപാധികൾ വിതരണം – 400000
3. വനിതകൾക്ക് പച്ചക്കറി തൈ,വിത്ത് വിതരണം – 100000
4. ജാതികൃഷിക്ക് ഉത്പ്പാദനോപാധികൾ - 350000
5. വനിതകൾക്ക് കുരുമുളക് തൈ വിതരണം – 150000
6. കുരുമുളക് തൈ വിതരണം – 50000
7. തരിശു നെൽകൃഷി – 100000
8. വാഴകൃഷി സ്ഥിരം കൃഷി – 400000
9. സുഗന്ധവിള കിറ്റ് വിതരണം - 150000
10. എച്ച്.ഡി.പി.ഇ ചട്ടികൾ വിതരണം - 150000

## 10. മൃഗ സംരക്ഷണം, ക്ഷീര വികസനം

1. ക്ഷീര കർഷകർക്ക് പാലിന് സബ്സീഡി –600000
2. ധാതു ലവണങ്ങൾ വിരമരുന്ന് -180000
3. എ.ബി.സി പ്രോഗ്രാം – 200000

4. പേവിഷ നിർമ്മാർജ്ജന പദ്ധതി – 25000
5. മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ – 300000
6. വനിതകൾക്ക് മുട്ടകോഴി വിതരണം – 255000

## 11. ദാരിദ്ര ലഘൂകരണം

1. വീട് വാസയോഗ്യമാക്കൽ( ജനറൽ) –1350000
2. ആശ്രയ -750000
3. ലൈഫ് ഭവന നിർമ്മാണം എസ് സി /ജനറൽ –4000000
4. ഗാർഹിക ബയോബിൻ വിതരണം -569000

## 12. പ്രാദേശിക സാമ്പത്തിക വികസനം

1. കുടുംബശ്രീയ്ക്ക് റിവോൾവിംഗ് ഫണ്ട് - 100000
2. വാതിൽപ്പടി സേവനങ്ങൾ -100000
3. വനിതക ൾക്ക് പേപ്പർബാഗ്, നിർമ്മാണ യൂണിറ്റ് -100000

## 13. സാമൂഹ്യ നീതി

1. അംഗനവാടികൾക്ക് ബേബി ചെയർ -30000
2. അനുപൂരക പോഷകാഹാര പദ്ധതി -1000000
3. ഭിന്നശേഷിയുള്ള കുട്ടികൾക്ക് വേണ്ടിയുള്ള സ്കോളർഷിപ്പ് –900000
4. വൃദ്ധജനങ്ങൾക്ക് കട്ടിൽ(ജനറൽ) –300000
5. വിവിധ അംഗനവാടികൾക്ക് അറ്റകുറ്റ പണികൾ -1500000
6. അംഗനവാടികൾക്ക് ചുറ്റുമതിലും ഗേറ്റും(28,44,47) -100000

## 14. വനിതാ വികസനം

1. വനിതകൾക്ക് യോഗ പരിശീലനം -50000

## 15. പട്ടിക ജാതി വികസനം

1. പഠനമുറി എസ്.സി -1000000
2. എസ് സി വീട് മെയിന്റനൻസ് - 1700000
3. എസ് സി വിഭാഗത്തിൽപ്പെട്ട 60 വയസ്സ് കഴിഞ്ഞവർക്ക് കട്ടിൽ –300000
4. എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണം - 300000
5. എസ്.സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - 250000
6. എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - 400000
7. ലൈഫ് ഭവന നിർമ്മാണം എസ്.സി – 4800000
8. എസ്.സി വനിതകൾക്ക് ടൂവീലർ വങ്ങുന്നതിനുള്ള ധനസഹായം - 200000

## 16. ആരോഗ്യം

1. ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ – 1000000
2. ഗവ.ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ – 250000
3. സാംക്രമിക രോഗപ്രതിരോധ പരിപാടിയും പകർച്ചവ്യാധി നിയന്ത്രണവും – 250000
4. പാലിയേറ്റീവ് പരിചരണ പരിപാടി –1090000
5. ജീവിതശൈലിരോഗ നിയന്ത്രണവും തൈറോയ്ഡ് പരിശോധനയും, എൻ.സി.ഡി ക്ലിനിക്കുകളും മറ്റ് സൗകര്യവും ഒരുക്കൽ – 1400000
6. എൻ.എച്ച് എം ആയുഷ് ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ– – 200000
7. ജില്ലാ ക്യാൻസർ നിയന്ത്രണ പരിപാടി-മൂന്നാം ഘട്ടം - 50000
8. ഡയാലിസിസ് രോഗികൾക്ക് ചികിത്സ സഹായം - 720000
9. സൂപ്പർ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് - 100000

## 17. കുടിവെള്ളം ശുചിത്വം

1. മണ്ഡലകാല ശുചീകരണ പ്രവർത്തനം -200000
2. വിവിധ വാർഡുകളിലെ കാന ക്ലീനിംഗ് - 495000
3. ബയോഗ്യാസ് പ്ലാന്റ് തുടർ പ്രവർത്തനം -
4. ടൗൺ കാന ക്ലീനിംഗ് - 495000
5. ടേക്ക് എ ബ്രേക്ക് - 4000000
6. ക്ലീൻകാലടി -1000700
7. കുടിവെള്ളവിതരണം -
8. 16-ാം വാർഡിൽ കുടിവെള്ള ക്ഷാമം പരിഹരിക്കൽ -100000

ടോയ്‌ലറ്റ് നിർമ്മാണം 500000

## 18. വിദ്യാഭ്യാസം , കല, സംസ്കാരം

1. സാക്ഷരതാ തുല്യതാ ഫീസ് അടക്കൽ – 25000
2. എസ് എസ് കെ വിഹിതം നൽകൽ –800000
3. ജി യു പി എസ് കാലടി അടിസ്ഥാന സൗകര്യ വികസനം –200000
4. പഞ്ചായത്ത് ലൈബ്രറിക്ക് പുസ്തകം വാങ്ങൽ -100000
5. ശങ്കരജയന്തി മഹോത്സവം -100000

## 19. പൊതുമരാമത്ത്

1. തെരുവു വിളക്ക് പരിപാലനം -1294400
2. സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ -700000
3. വിവിധ അംഗൻവാടികളുടെ സൌകര്യം വർദ്ധിപ്പിക്കൽ -500000
4. മാണിക്യമംഗലം തുറ കാർണിവൽ -200000
5. വെജിറ്റിബിൾ മാർക്കറ്റ് നിർമ്മാണം -2500000
6. 17 വാർഡുകളുടെ നിർമ്മാണവും അറ്റകുറ്റ പണിയും -20000000
7. ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് -40000000
8. ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് -30000

## 13. ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം

1. പഞ്ചായത്തിലെ നീർച്ചാലുകൾ, തോടുകൾ, കാനകൾ വൃത്തിയാക്കി സംരക്ഷണം
2. പ്രകൃതി ദുരന്തങ്ങളെ മുൻകൂട്ടി കണ്ട് മുന്നറിയിപ്പ് നൽകുന്നതിനുള്ള/നേരിടുന്നതിനുള്ള സംവിധാനങ്ങൾ
3. കാലടി പഞ്ചായത്തിൽ ഫയർ സ്റ്റേഷൻ നിർമ്മാണം
4. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വൃക്ഷ തൈകൾ വച്ച് പിടിപ്പിക്കൽ

## മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ഫിഷ് മാർക്കറ്റ്, ആധുനിക അറവുശാല, പച്ചക്കറി മാർക്കറ്റ് എന്നിവയുടെ തുടർ പ്രവർത്തനം
2. മാണിക്യമംഗലം തുറ ടൂറിസം പദ്ധതി
3. ഫയർസ്റ്റേഷൻ
4. പനയാലിയിലെ ഇന്റസ്ട്രിയൽ എസ്റ്റേറ്റ് സ്ഥലത്ത് ഗ്രൗണ്ട് നിർമ്മാണം
5. ടർഫ് സ്ഥാപിച്ച് യുവജനങ്ങൾക്ക് സ്പോർട്സിനായി സൗകര്യമൊരുക്കൽ
6. ഓപ്പൺ എയർസ്റ്റേഡിയത്തിന് മേൽക്കൂര നിർമ്മാണം
7. I Love കാലടി ഓപ്പൺ ജിം & പാർക്ക്
8. സോപാന സംഗീത മണ്ഡപം നൃത്ത സംഗീത പരിപാടികൾക്ക് അനുയോജ്യമാകുന്ന വിധത്തിൽ രൂപപ്പെടുത്തൽ

**ഭാഗം6**

**വായ്പാ ബന്ധങ്ങൾ**

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിന് വായ്പാ ബന്ധങ്ങൾ അനിവാര്യമാണ്. ആയത് 2022 23 വാർഷിക പദ്ധതിയില് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ഉദ്ദേശിക്കുന്നുണ്ട്.

**ഭാഗം7**

**സമഗ്ര പദ്ധതികളും സംയോജന സാദ്ധ്യതകളും**

നിലവിലുള്ള അവസ്ഥാ വിശകലനവും ഓരോ മേഖലയുടേയും വികസന നിർദ്ദേശങ്ങളും ഉൾപ്പെടുത്തി സമഗ്ര പരിപാടികൾ ഉൾപ്പെടുന്ന പ്രോജക്ടുകളാണ് രൂപീകരിക്കേണ്ടത്.കർഷിക വികസനം ,ശുചിത്വം ,മാലിന്യ സംസ്ക്കരണം,ജല സംരക്ഷണം എന്നിവയ്ക്കായുള്ള പ്രവൃത്തികൾഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ചിട്ടുണ്ട്. ഭവന നിർമ്മാണ പദ്ധതികൾ സമ്പൂർണ്ണ ഭവന പദ്ധതി വിഭാവനം ചെയ്യുന്ന ലൈഫ് മിഷൻ പദ്ധതികളുമായി സംയോജിപ്പിച്ചിട്ടുണ്ട്.പൊതു വിദ്യാഭ്യാസ പദ്ധതികൾ പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചിട്ടുണ്ട്.കൂടാതെ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടേയും ധനസഹായങ്ങൾകൂടി ഉൾപ്പെടുത്തിയാണ് പദ്ധതികൾ രൂപീകരിച്ചിട്ടുള്ളത്.കുടുംബശ്രീ ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭങ്ങൾക്കായി പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട്

**ഭാഗം.8**

## ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയും അഗതികൾക്കായുള്ള പദ്ധതിയും

2022-23 വാർഷിക പദ്ധതിയിൽ കൃഷി ,പ്രാദേശിക സാമ്പത്തിക വികസനം പാർപ്പിടം മുഖ്യ ലക്ഷ്യമായിട്ടുള്ള പദ്ധതികൾക്കാണ് പ്രാധാന്യം നൽകിയിരിക്കുന്നത്.പാവപ്പെട്ടവർക്ക് പാർപ്പിടം, ശുചിത്വം, തൊഴിൽ വൈദഗ്ദ്ധ്യ മേഖലയിൽ പരിശീലനം തുടങ്ങിയ പദ്ധതികൾക്ക് മുൻഗണന നൽകുന്നു.വികസന നയമാണ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളത്.

## ഭാഗം.9

## മോണിട്ടറിംഗ്

വിഭവങ്ങളും പ്രാദേശിക സാമ്പത്തിക സാദ്ധ്യതകളും പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ഗുണമേന്മയറിയ വികസനം യഥാർത്ഥ ഗുണഭോക്താക്കൾക്ക് യഥാസമയം ലഭ്യമാക്കാനുള്ള ചിട്ടയായ പ്രവർത്തനങ്ങളിലൂടെ സാദ്ധ്യമാകുമ്പോൾ മാത്രമേ ജനകീയാസൂത്രണം എന്ന ലക്ഷ്യം നേടാനാവൂ. വികസന നടപടികളുടെ ആവിഷ്കാരം മുതൽ അതിന്റെ ലക്ഷ്യപ്രാപ്തി വരെ നീളുന്നഓരോ ഘട്ടങ്ങളിലും സൂക്ഷ്മമായ മൂല്യ നിർണ്ണയ പ്രക്രിയ കൈക്കൊള്ളേണ്ടതുണ്ട്.ഓരോ ഘട്ടവും അതിന്റെ ലക്ഷ്യം കൈവരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ പരിശോധനയ്ക്ക് വിധേയമാക്കുകയും അതിന്റെ ജയപരാജയങ്ങൾ വിലയിരുത്തി പരിഹരിച്ച ശേഷം മാത്രമേ അവസാന ലക്ഷ്യം വിജയകരമായി പൂർത്തിയാക്കാൻ കഴിയൂ.ഇങ്ങനെ ഓരോ ദിശയിലും നടത്തുന്ന പരിശോധന സംവിധാനത്തെ മോണിട്ടറിംഗ് എന്നു പറയുന്നു.വികസന പദ്ധതികൾ കാര്യക്ഷമതയോടെ നടപ്പിലാക്കുനന്തിന് ഫലപ്രദമായ മോണിട്ടറിംഗ് സംവിധാനം ആവശ്യമാണ്.മുൻ പഞ്ചവത്സര പദ്ധതികളുടെ പ്രധാന പോരായ്മ ഈ വിലയിരുത്തലിന്റെ അഭാവമാണ്.വികേന്ദ്രീകാസൂത്രണ പ്രക്രിയയിലൂടെ ഈപോരായ്മ പരിഹരിക്കുക എന്നത് 14-ാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിന് അനിവാര്യമാണ്.വർക്കിംഗ് ഗ്രൂപ്പുകളെത്തന്നെ മോണിട്ടറിംഗ് സമിതികളായി ചുമതലപ്പെടുത്തി ജനകീയ മോണിട്ടറിംഗ് സംഘടന സംവിധാനം യാഥാർത്ഥ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

### മോണിട്ടറിംഗ് ഘട്ടങ്ങൾ

ഓരോ മേഖലയിലും നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രോജക്ടുകൾ കുറ്റമറ്റതും ലക്ഷ്യ പ്രാപ്തി കൈവരിക്കുവാൻ കഴിയുന്നതുമാണ് എന്ന് മോണിട്ടറിംഗ് സമിതി പരിശോധിച്ച് ഉറപ്പു വരുത്തുന്നു.ഈ പ്രോജക്ടുകൾക്ക് ഭരണ സമിതിയുടേയും തുടർന്ന് ഡി.പി.സി യുടേയും അംഗീകാരം ലഭ്യമായിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നു. ഗ്രാമസഭ അംഗീകരിച്ച മുൻഗണന ക്രമമനുസരിച്ചാണോ ഓരോമേഖലയിലും ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുള്ളത് എന്ന് പരിശോധിക്കുന്നു. മോണിട്ടറിംഗ് സമിതികൾ പദ്ധതി നിർവ്വഹണം തുടങ്ങിയാൽ ഓരോ 15 ദിവസത്തലൊരിക്കൽ യോഗം ചേർന്ന പ്രവർത്തന പുരോഗതി വിലയിരുത്തി വിശദമായ മിനിട്ട്സ് തയ്യാറാക്കി മാർഗ നിർദ്ദേശങ്ങൾ നിർവ്വഹണഉദ്യോഗസ്ഥർക്കു നൽകുന്നു.ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ മോണിട്ടറിംഗ് സമിതിയിൽ അതത് ഗുണഭോക്തൃ പ്രദേശത്തെ രണ്ടു പ്രതിനിധികളെ കൂടി ഉൾപ്പെടുത്തുന്നു.പദ്ധതി പ്രവർത്തനങ്ങൾ നടന്നു വരുമ്പോൾ ഉണ്ടാകാവുന്ന കാലതാമസം യഥാസമയം പരിഹരിക്കുന്നതിനു വേണ്ടി ശ്രദ്ധിക്കേണ്ടതാണ്.മോണിട്ടറിംഗ് സമിതിക്കു സാധിക്കാതെ വരുന്ന കാര്യങ്ങൾ ഗ്രാമപഞ്ചായത്തു കമ്മിറ്റിയെ ധരിപ്പിക്കേണ്ടതാണ്.പദ്ധതി പ്രവർത്തനം പൂർത്തിയാകുന്ന മുറയ്ക്ക് പൂർത്തീകരണ സാക്ഷ്യപത്രം നൽകുന്നു.

ഭാഗം–10

## മോണിട്ടറിംഗ് സംവിധാനം

പ്രോജക്റ്റിന്റെ വിശദാംശങ്ങള് ജനങ്ങളെ ബോധ്യപ്പെടുത്തുവാനും നിർദ്ദേശിക്കപ്പെട്ട രീതിയിൽ പ്രോജക്റ്റ് നിർവ്വഹണം നടത്തുന്നുവെന്നും ഉറപ്പുവരത്തക്കവിധം വികസന മേഖലകളിലെ വിദഗ്ദ്ധരെയും വർക്കിംഗ് ഗ്രൂപ്പ് പ്രതിനിധികളെയും ഉൾപ്പെടുത്തി മോണിട്ടറിംഗ് സംവിധാനം ആവിഷ്ക്കരിച്ചിരിക്കുന്നു.നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും ആവശ്യമായ പരിശോധനാ നിർദ്ദേശം റിപ്പോർട്ടിംഗ് എന്നിവ മോണിട്ടറിംഗ് കമ്മിറ്റി പൂർത്തിയാക്കുന്നു.

# <u>ഉപസംഹാരം</u>

2022–23 വാർഷിക പദ്ധതിയിലെ വികസന പ്രവർത്തനങ്ങളുടെ വിജയത്തിന് ആത്മാർത്ഥമായി സഹകരിക്കുകയും വികേന്ദ്രീകൃത ആസൂത്രണ ലക്ഷ്യങ്ങൾ മുൻനിർത്തി വിഭവ പരിമിതികൾ പരിഗണിച്ചും പുതിയ വാർഷിക പദ്ധതി രൂപീകരണത്തിന്റെ ആദ്യ ഘട്ടത്തിലും, പദ്ധതി രൂപീകരണത്തിന് വിലപ്പെട്ട സഹായങ്ങൾ നൽകിയ വിവിധ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ, തുടങ്ങിയ മുഴുവൻ പേരുടെയും ആത്മാർത്ഥമായ സേവനങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്ത് കമ്മറ്റിക്കുവേണ്ടി

കാലടി — ശ്രീ.എം.പി ആന്റണി

**23/01/2023** — പ്രസിഡന്റ്